## വീട്ടിൽ പോയി ഉച്ചഭക്ഷണം കഴിച്ച് തിരികെ ഫാക്ടറിയിലേക്ക് യാത്ര ചെയ്യവെ തൊഴിലാളി വാഹനാപകടത്തിൽപ്പെട്ട് മരിച്ചത് തൊഴിലപകടമല്ല: ആശ്രിതാനുകൂല്യത്തിന് അർഹതയില്ല

### മദ്രാസ് ഹൈക്കോടതി

C.M.A. No. 2994/2011 Dt. 9.10.2018

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ്
കോർപ്പറേഷൻ
x
ചിന്നത്തമ്പി

കമ്പനിയിൽ ഇലക്ട്രീഷ്യൻ എന്ന തസ്തികയിൽ 2004-ലാണ് പളനി എന്ന തൊഴിലാളി നിയമിതനായത്. കമ്പനിയിൽ 250-ൽ താഴെ എണ്ണം തൊഴിലാളികളാണ് ജോലി ചെയ്യുന്നത്. അതിനാൽ കേന്റീൻ സൗകര്യം ഒരുക്കാൻ കമ്പനിക്ക് നിയമപരമായി ബാധ്യതയില്ല. കേന്റീൻ സൗകര്യം ഇല്ലാത്തതിനാൽ തൊഴിലാളികൾ ഭക്ഷണത്തിനുള്ള ഏർപ്പാട് സ്വന്തം നിലയിലാണ് ചെയ്തിരുന്നത്. ഇലക്ട്രീഷ്യനായ പളനി ഉച്ചഭക്ഷണത്തിനായി സ്വന്തം മോട്ടോർ സൈക്കിളിൽ സഞ്ചരിച്ച് വീട്ടിലേക്ക് പോകുകയാണ് ചെയ്തിരുന്നത്. 2005 മെയ് 6-ാം തീയതി പതിവുപോലെ വീട്ടിൽ പോയി ഉച്ചഭക്ഷണം കഴിച്ച് സ്വന്തം മോട്ടോർ സൈക്കിളിൽ കമ്പനിയിലേക്ക് തിരിച്ചുവരുമ്പോൾ ലോറിയുമായി കൂട്ടിയിടിച്ച് ആ തൊഴിലാളി തൽക്ഷണം മരണമടഞ്ഞു. ഇ.എസ്.ഐ. പദ്ധതിയിൽ അംഗമായിരുന്ന തൊഴിലാളിയുടെ ആശ്രിതർ ആശ്രിതാനുകൂല്യം ആവശ്യപ്പെട്ട് ഇ.എസ്.ഐ. കോർപ്പറേഷന് അപേക്ഷ നല്കി. ഉച്ചഭക്ഷണത്തിന് പോയി വരുമ്പോൾ ഉണ്ടായ അപകടം തൊഴിലപകടമല്ലെന്നും ആശ്രിതാനുകൂല്യം അനുവദിക്കാനാവില്ലെന്നും ഇ.എസ്.ഐ. അധികൃതർ ആശ്രിതരെ അറിയിച്ചു. തുടർന്ന് ആശ്രിതാനുകൂല്യം ആവശ്യപ്പെട്ട് ആശ്രിതർ എംപ്ലോയീസ് ഇൻഷുറൻസ് കോടതിയിൽ ഹർജി നല്കി. വീട്ടിൽ നിന്ന് ഫാക്ടറിയിലേക്കും തിരിച്ചും യാത്ര ചെയ്യുന്നത് തൊഴിലിന്റെ ഭാഗമായതിനാൽ അപ്പോഴുണ്ടാകുന്ന അപകടം തൊഴിലപകടം തന്നെയാണെന്ന് വിലയിരുത്തിയ എംപ്ലോയീസ് ഇൻഷുറൻസ് കോടതി മരിച്ച തൊഴിലാളിയുടെ ആശ്രിതർക്ക് ആശ്രിതാനുകൂല്യം നല്കണമെന്ന് ഇ.എസ്.ഐ. കോർപ്പറേഷന് നിർദ്ദേശം നല്കി. ഇതിനെതിരെ ഇ.എസ്.ഐ. കോർപ്പറേഷൻ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. ഫാക്ടറിയിലേക്കുള്ള തൊഴിലാളിയുടെ യാത്ര തൊഴിലുമായി ബന്ധപ്പെട്ടതല്ലായിരുന്നുവെന്നും അയാൾ സ്വന്തം വാഹനത്തിലാണ് യാത്ര ചെയ്തതെന്നും ചൂണ്ടിക്കാട്ടിയ കോർപ്പറേഷൻ തൊഴിലാളിയുടെ മരണം തൊഴിലപകടമല്ലെന്ന് വാദിച്ചു. സ്വന്തം വാഹനത്തിൽ യാത്ര ചെയ്ത് വീട്ടിൽ നിന്ന് ഫാക്ടറിയിലേക്ക് വരുമ്പോൾ അപകടമുണ്ടായാൽ അത് തൊഴിലപകടമായി കണക്കാക്കാനാവില്ലെന്ന് വിലയിരുത്തിയ ഹൈക്കോടതി എംപ്ലോയീസ് ഇൻഷുറൻസ് കോടതിയുടെ ഉത്തരവ് റദ്ദാക്കുകയും ഇ.എസ്.ഐ. കോർപ്പറേഷന്റെ അപ്പീൽ അനുവദിക്കുകയും ചെയ്തു.